(ബി) ഇതിൽ പലിശ അടക്കം ഇപ്പോൾ പിരിഞ്ഞുകിട്ടാനുള്ളതെത്ര;

(സി) പിരിച്ചെടുക്കാൻ നിയമ നടപടികളും സ്വീകരിക്കാത്ത സംഘങ്ങൾ എത്ര ?

ഉത്തരം

(എ) 23,48,436 രൂപ 5 പൈസ

(ബി) 21,12,823 രൂപ 75 പൈസ

(സി) ഏഴ് സംഘങ്ങൾ.

പൊന്നാനി താലൂക്ക് സഹകരണ യൂണിയൻ

154 [419] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പുകഴിഞ്ഞാൽ യോഗം ചേരുന്നതിന് എന്തെല്ലാം നിബന്ധനകളാണുള്ളത്;

(ബി) തിരഞ്ഞെടുത്തവരുടെ പേര് ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിക്കാത്തതുകൊണ്ട് കഴിഞ്ഞ ഒരു വർഷമായി പൊന്നാനി താലൂക്ക് സഹകരണ യൂണിയൻ യോഗംചേരാൻ കഴിഞ്ഞിട്ടില്ല എന്നത് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) വിജ്ഞാപനം താമസിപ്പിച്ച തിരഞ്ഞെടുക്കപ്പെട്ട സമിതിയെ മരവിപ്പിക്കുന്ന ഈ സംഭവത്തിന് ഉത്തരവാദികളായവരെ തിരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണനിയമം 88-ാം വകുപ്പുപ്രകാരം തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ പേരുവിവരം ഉൾപ്പെടുത്തി, സർക്കിൾ സഹകരണ യൂണിയൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കണം. ഈ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷമേ സർക്കാർ സഹകരണ യൂണിയനുകൾക്ക് യോഗം ചേരാൻ സാധിക്കുകയുള്ളു.

(ബി) ഉണ്ട്.

(സി) ചില സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. ഒരു സഹകരണ യൂണിയൻ രൂപീകരിക്കുന്നതിനെതിരായി ഹൈക്കോടതിയുടെ സ്റ്റേയും നിലവിലുണ്ട്. ജില്ലാ ബാങ്ക് പ്രതിനിധികളുടെ പേരുവിവരം അതാതു സ്ഥാപനങ്ങളിൽനിന്നും ലഭിക്കുവാനും കാലതാമസം നേരിട്ടിരുന്നു. മേല്പറഞ്ഞ കാരണങ്ങളാലാണ് വിജ്ഞാപനം ഇറക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly